(ബി) പ്രസ്തുത ഉദ്യോഗസ്ഥരുടെ പ്രവർത്തനം വിലയിരുത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷനിലൂടെ വിൽക്കപ്പെടുന്ന സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ഇടുക്കി, വയനാട്, കാസർഗോഡ് ജില്ലകളൊഴികെ എല്ലാ ജില്ലകളിലും ജൂനിയർ മാനേജർ (ക്വാളിറ്റി അഷ്വറൻസ്)മാരെ നിയമിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ മൂന്ന് ജില്ലകളുടെയും ചുമതല അടുത്ത ജില്ലകളായ കോട്ടയം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ ജൂനിയർ മാനേജർ (ക്യു.എ.)മാരുടെ അധികാര പരിധിയിലാണ്.

(ബി) പ്രസ്തുത ഉദ്യോഗസ്ഥരുടെ പ്രവർത്തനം റീജിയണൽ തലത്തിലും ഹെഡ് ഓഫീസ് തലത്തിലും വിലയിരുത്താറുണ്ട്. ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ ഡിപ്പോ തലത്തിൽ സ്വീകരിക്കുന്ന സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി ഹെഡ് ഓഫീസ് തലത്തിൽ ഇവയുടെ സാമ്പിളുകൾ വീണ്ടും പരിശോധന നടത്താറുണ്ട്. കോർപ്പറേഷനിൽ ഒരു വിജിലൻസ് സംവിധാനം നിലവിലുണ്ട്. ഈ വിജിലൻസ് വിഭാഗം ഡിപ്പോകളിൽ നിന്ന് സാധനങ്ങളുടെ സാമ്പിളുകൾ എടുത്ത് കോർപ്പറേഷൻ ഹെഡ്ഓഫീസ്, റീജിയണൽ അനലറ്റിക്കൽ ലാബ്, കോന്നിയിലുള്ള സി.എഫ്.ആർ.ഡി. ലാബ്, മുഖേന പരിശോധന നടത്തി നടപടികൾ എടുത്തു വരുന്നു.

## റേഷൻ കാർഡിനുള്ള അപേക്ഷാ ഫോമിന് ചാർജ് ഈടാക്കുന്ന നടപടി

142 (1495) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സിവിൽ സപ്ലൈസ് ഓഫീസിൽ റേഷൻ കാർഡിനുള്ള അപേക്ഷാ ഫോമിന് ചാർജ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

റേഷൻ കാർഡിനുള്ള അപേക്ഷാഫാറത്തിന്റെ വില 5 രൂപയായി സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. ഈ തുക മാത്രമേ അപേക്ഷകരിൽ നിന്ന് ഈടാക്കുന്നുള്ളൂ.

## കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനിലും ഭക്ഷ്യ, മൃഗസംരക്ഷണ വകുപ്പുകളിലും നടത്തിയ നിയമനങ്ങൾ

143 (1496) ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനിലും ഭക്ഷ്യം, മൃഗസംരക്ഷണം എന്നീ വകുപ്പുകളിലും ആകെ എത്ര നിയമനങ്ങൾ നടത്തിയെന്നറിയിക്കുമോ ;



LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത നിയമനങ്ങൾ എതെല്ലാം തസ്തികകളിൽ എന്നും എത്ര പേരെവീതം എന്നും ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ ;

(സി) പി.എസ്.സി. വഴിയല്ലാതെ നിയമനങ്ങൾ നടത്തിയിട്ടുണ്ടോ, എങ്കിൽ എന്തടിസ്ഥാനത്തിലാണ് പ്രസ്തുത നിയമനങ്ങൾ നടത്തിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത വകുപ്പുകളിൽ താൽക്കാലികമായി നിയമിക്കപ്പെട്ടവരിൽ എത്രപേരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട് ; ഇതിന് സ്വീകരിച്ച മാനദണ്ഡം വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത നിയമനങ്ങളിൽ സംവരണതത്വം പാലിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ?

## ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ താഴെപ്പറയും പ്രകാരം ആകെ 920 നിയമനങ്ങൾ നടത്തിയിട്ടുണ്ട്.

| | | |
|---|---|---|
| 1. | അസിസ്റ്റന്റ് സെയിൽസ്മാൻ | 2072 പേർക്ക് നിയമന ഉത്തരവ് നൽകി. 862 പേർ ജോലിയിൽ പ്രവേശിച്ചു. |
| 2. | ആശ്രിത നിയമനം | 34 |
| 3. | താൽക്കാലിക നിയമനം ലഭിച്ചിരുന്ന വികലാംഗരെ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിൽ സ്ഥിരപ്പെടുത്തിയത്. | 4 |
| 4. | ഡ്രൈവർ | 8 |
| 5. | മാനേജർ | 2 |
| 6. | അസിസ്റ്റന്റ് മാനേജർ | 1 |
| 7. | ജൂനിയർ മാനേജർ (അക്കൗണ്ട്സ്) | 8 |
| 8. | എൽ.ഡി.ടൈപ്പിസ്റ്റ് | 1 |
| | ആകെ | 920 |

ഈ സർക്കാർ നിലവിൽ വന്നശേഷം സിവിൽ സപ്ലൈസ് വകുപ്പിൽ സൂപ്പർ ന്യൂമററിയുൾപ്പെടെ 551 പേർക്ക് നിയമനം നടത്തിയിട്ടുണ്ട്.

ഈ സർക്കാർ അധികാരമേറ്റശേഷം മൃഗസംരക്ഷണ വകുപ്പിൽ താഴെപ്പറയും പ്രകാരം ആകെ 1255 നിയമനങ്ങൾ നടത്തിയിട്ടുണ്ട്.

| | | | |
|---|---|---|---|
| 1. | പി.എസ്.സി. വഴിയുള്ള നിയമനം | – | 390 |
| 2. | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനം | – | 742 |

LIBRARY ARCHIVES Kerala Legislative Assembly

| | | | |
|---|---|---|---|
| 3. | ആശ്രിതനിയമനം | - | 84 |
| 4. | സ്പോർട്സ് ക്വാട്ടയിലുള്ള നിയമനം | - | 2 |
| 5. | ജില്ലാകളക്ടർ മുഖാന്തിരമുള്ള വികലാംഗരുടെ നിയമനം | - | 3 |
| 6. | കരാറടിസ്ഥാനത്തിലുള്ള നിയമനം | - | 34 |
| | ആകെ | - | 1255 |

(ബി) സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ നിയമനങ്ങൾ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

**ജില്ലാതല നിയമനങ്ങൾ**

| ജില്ല | അസിസ്റ്റന്റ് സെയിൽസ്മാൻ | ഡ്രൈവർ |
|---|---|---|
| ആലപ്പുഴ | 88 | |
| എറണാകുളം | 109 | |
| ഇടുക്കി | 55 | |
| കണ്ണൂർ | 77 | |
| കാസർഗോഡ് | 34 | |
| കൊല്ലം | 43 | |
| കോട്ടയം | 70 | 1 |
| കോഴിക്കോട് | 55 | 4 |
| മലപ്പുറം | 58 | |
| പാലക്കാട് | 51 | 2 |
| പത്തനംതിട്ട | 60 | |
| തിരുവനന്തപുരം | 63 | 1 |
| തൃശ്ശൂർ | 79 | |
| വയനാട് | 20 | |

**സംസ്ഥാനതല നിയമനങ്ങൾ**

| തസ്തിക | എണ്ണം |
|---|---|
| മാനേജർ | 2 |
| അസിസ്റ്റന്റ് മാനേജർ | 1 |
| ജൂനിയർ മാനേജർ (അക്കൗണ്ട്സ്) | 8 |
| എൽ.ഡി. ടൈപ്പിസ്റ്റ് | 1 |

LIBRARY ARCHIVES Kerala Legislative Assembly

സിവിൽ സപ്ലൈസ് വകുപ്പിലെ നിയമനങ്ങൾ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു :

എൽ.ഡി.സി.

| | |
|---|---|
| തിരുവനന്തപുരം | 93 |
| കൊല്ലം | 31 |
| പത്തനംതിട്ട | 23 |
| ആലപ്പുഴ | 29+9 സൂപ്പർ ന്യൂമററി=38 |
| കോട്ടയം | 17 |
| ഇടുക്കി | 20+8 സൂപ്പർ ന്യൂമററി=28 |
| എറണാകുളം | 60 |
| തൃശ്ശൂർ | 27+10 സൂപ്പർ ന്യൂമററി=37 |
| പാലക്കാട് | 24 |
| മലപ്പുറം | 28 |
| കോഴിക്കോട് | 26 |
| വയനാട് | 20 |
| കണ്ണൂർ | 17+1 സൂപ്പർ ന്യൂമററി=18 |
| കാസർഗോഡ് | 15. |

സീനിയർ സൂപ്രണ്ട് നേരിട്ട് നിയമനം

| | |
|---|---|
| തിരുവനന്തപുരം | 1 |
| വയനാട് | 1 |

| ജില്ലാ | പ്യൂൺ | കോൺ. അസിസ്റ്റന്റ് | ടൈപ്പിസ്റ്റ് | ഡ്രൈവർ | അറ്റൻഡർ |
|---|---|---|---|---|---|
| തിരുവനന്തപുരം | 6 | 1 | 4 | 1 | 1 |
| കൊല്ലം | 5 | 1 | 2 | | 1 |
| പത്തനംതിട്ട | 1 | | | | |
| ആലപ്പുഴ | 3 | 1 | 1 | 1 | |
| കോട്ടയം | 4 | | | | |
| ഇടുക്കി | 2 | 3 | 1 | | |
| എറണാകുളം | 4 | 1 | 2 | 1 | |
| തൃശ്ശൂർ | 5 | | 1 | 1 | |
| പാലക്കാട് | 3 | | 1 | 1 | |
| കോഴിക്കോട് | 4 | | 1 | 1 | |
| മലപ്പുറം | 2 | 1 | | | |
| വയനാട് | 1 | | | | |
| കണ്ണൂർ | 3 | | 1 | 1 | |
| കാസർഗോഡ് | 2 | | | | |
| ആകെ | 45 | 8 | 14 | 7 | 2 |

LIBRARY ARCHIVES Kerala Legislative Assembly

മൃഗസംരക്ഷണ വകുപ്പിലെ 'നിയമനങ്ങൾ സംബന്ധിച്ച വിശദമായ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) ഉണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ ആശ്രിത നിയമന പദ്ധതി പ്രകാരം 34 പേർക്ക് അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. കൂടാതെ സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ അസിസ്റ്റന്റ് മാനേജർ തസ്തിക മുതലുള്ള നിയമനങ്ങൾ പി.എസ്.സി.ക്ക് വിട്ടിട്ടില്ലാത്തതിനാൽ ടി തസ്തികകളിൽ നേരിട്ട് പത്രപരസ്യം നടത്തിയിതിനു ശേഷം യോഗ്യരായ ഉദ്യോഗാർത്ഥികളെ ഡയറക്ടർ ബോർഡ് അഭിമുഖം നടത്തി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നാണ് നിയമനം നടത്തുന്നത്. അപ്രകാരം മാനേജർ തസ്തികയിൽ രണ്ടുപേരെയും അസിസ്റ്റന്റ് മാനേജർ തസ്തികയിൽ ഒരാളെയും നിയമിച്ചിട്ടുണ്ട്. സിവിൽ സപ്ലൈസ് വകുപ്പിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി 12 വികലാംഗരായവർ ജോലി ചെയ്തുവരുന്നു. മൃഗസംരക്ഷണ വകുപ്പിൽ പി.എസ്.സി. വഴിയല്ലാതെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, ആശ്രിത നിയമനം, സ്പോർട്സ് ക്വാട്ട, കരാറടിസ്ഥാനം, ജില്ലാകളക്ടർ മുഖാന്തിരമുള്ള വികലാംഗരുടെ നിയമനം എന്നീ വ്യവസ്ഥകളിൽ നിയമനങ്ങൾ നടത്തിയിട്ടുണ്ട്.

(ഡി) സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനം ലഭിച്ചിരുന്ന 4 വികലാംഗർക്ക് അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിൽ സ്ഥിര നിയമനം നൽകിയിട്ടുണ്ട്. 30-11-2007 തീയതിയിലെ സ.ഉ.(പി) നമ്പർ 85/07/എസ്.ഡബ്ല്യു.ഡി. പ്രകാരമാണ് ഇവരെ സ്ഥിരപ്പെടുത്തിയത്. മറ്റാരെയും സ്ഥിരപ്പെടുത്തിയിട്ടില്ല. സിവിൽ സപ്ലൈസ് വകുപ്പിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ജോലി ചെയ്തിരുന്ന 12 വികലാംഗരെ എൽ.ഡി.സി. ആയി സ്ഥിരപ്പെടുത്തിയിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പിൽ താൽക്കാലികമായി നിയമിച്ചവരെ ആരെയും സ്ഥിരപ്പെടുത്തിയിട്ടില്ല.

(ഇ) സിവിൽ സപ്ലൈസ് കോർപ്പറേഷനിലും സിവിൽ സപ്ലൈസ് വകുപ്പിലും മൃഗസംരക്ഷണ വകുപ്പിലും സംവരണതത്വം പാലിച്ചുകൊണ്ടാണ് നിയമനങ്ങൾ നടത്തിയിട്ടുള്ളത്.

## സപ്ലൈകോയിലെ ഡെപ്യൂട്ടേഷൻ നിയമനങ്ങൾ

144 (1497) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യോഗ്യതയുള്ളവരുടെ അഭാവത്തിൽ മാത്രം ഡെപ്യൂട്ടേഷൻ നടത്തണമെന്ന വ്യവസ്ഥ നിലവിലിരിക്കെ സപ്ലൈകോയിൽ യോഗ്യതയുള്ളവരുടെ പ്രൊമോഷൻ തടഞ്ഞുകൊണ്ട് ഡെപ്യൂട്ടേഷൻ നിയമനം നടത്തുന്ന നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly